# Church Voice

C. S. I. MATEER MEMORIAL CHURCH
Vol. 11 No.13 NEWSLETTER January 2013




***"Even though our outward man is perishing yet the inward man is being renewed day by day" (2 Corinthians 4:16)***



വാണിജ്യ നികുതി വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കമ്മീഷണറായി നിയമിതനായ **ശ്രീ. ബി. പ്രഭാകരൻ.** വാണിജ്യ നികുതി ഗസറ്റഡ് ഓഫീസേഴ്സ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റും എം.എം. ചർച്ച് അംഗവുമാണ്. ഭാര്യ ശ്രീമതി ജാനിസ് പുന്നൻ സഹകരണവകുപ്പ് ഇൻസ്പെക്ടർ; മക്കൾ: നാൻസി പ്രഭാകർ എം.ടെക്. വിദ്യാർത്ഥിനി; ജെസ്സി പ്രഭാകർ, ബി.എ.എം. എസ്. വിദ്യാർത്ഥിനി.



## സത്യവേദപുസ്തകത്തിന്റെ പുതിയ നിയമ കൈയ്യെഴുത്തുപ്രതി പ്രകാശനം ചെയ്തു

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ 1910-ൽ ആദ്യമായി പ്രസിദ്ധീകരിച്ചതും ഇപ്പോൾ പ്രചാരത്തിൽ ഇരിക്കുന്നതുമായ മലയാളം വേദപുസ്തകത്തിന്റെ അതേ ലിപിയിലും അക്ഷര വലിപ്പത്തിലും രചിച്ച പുതിയ നിയമഭാഗത്തിന്റെ കൈയ്യെഴുത്തുപ്രതി മെറ്റീർ മെമ്മോറിയൽ ചർച്ചിൽ വെച്ച് പ്രകാശനം ചെയ്തു.

നമ്മുടെ സഭയിലെ മുൻ ഡീക്കൻ ശ്രീ. ഇമ്മാനുവൽ ഹെൻറിയാണ് ഒരു വർഷം കൊണ്ട് കൈയ്യെഴുത്തു പ്രതി തയ്യാറാക്കി അപൂർവ്വ നേട്ടം കൈവരിച്ചത്. 266 പുറങ്ങളുള്ള പുതിയ നിയമത്തിലെ വരികളുടെയും വാക്കുകളുടെയും എണ്ണവും അക്ഷരവലിപ്പവും അച്ചടിച്ച പതിപ്പിനു സമാനമാണ്. മലയാളവേദപുസ്തക ചരിത്രത്തിൽ ഇദംപ്രഥമമായാണ് ഇങ്ങനെ ഒരു ഉദ്യമം നിർവ്വഹിച്ചിരിക്കുന്നത്. തമിഴ് ബൈബിളിന്റെ കൈയ്യെഴുത്തു പ്രതി രചിച്ച് ലിംകാ ബുക്ക് ഓഫ് റിക്കാർഡ്സിൽ നേരത്തെ ഇടം നേടിയ വ്യക്തിയാണ് ഇമ്മാനുവൽ ഹെൻറി.

## YOUTH CONVENTION






# CHURCH VOICE

11th year of publication

**JANUARY 2013**



EDITORIAL BOARD

**Chief Editor**

Rev. C. R. Vincent

**Editor**

Christenson E. Sarasam

Rev. Dr. L. E. Sahanam

Rev. E. Sunin Spenzer

Dr. Samson Nessiah

T. Jayakumar Alfred



**Address:**

The Editor

Church Voice

M.M. Church

L.M.S. Compound

Trivandrum - 695 033

Ph: 2311347



Articles/Feedback may be sent to:

churchvoice@gmail.com

before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com


*Editorial.................*

## NEWNESS IN THE NEW YEAR

When the saying "Old is Gold" prevails, what is the relevance of newness? Though the question holds substance, anything which loses its originality and goodness must be made anew. As we stand on the threshold of yet another new year, we need renewal and revival in all facets of our life as individuals and members of the church and community at large.

"If anyone is in Christ, he is a new creature. Old things have gone and everything has become new" (2 Corinthians 5:17).

Renewal of relationships and restoration of human bonds are most important in our present day existence. Modern man leads a mechanical life devoid of love relationships and concern for each other. Interest to lend a patient listening is dwindling day by day. Not many endeavour to encourage others. In the mad rush towards achievements and attainments, there is a great dearth for intimate and meaningful communication even in the family unit. Children brought up in Christian families are seldom brought up in God-centered life style founded on spiritual foundations. Jesus said: "I am the true wine and you are the branches" (John 15:5). Therefore, newness denotes a return to the life rooted and grafted on the Word of God under the absolute control of the Holy Spirit.

Augustine pursued a path most wretched and treacherous. When he came into a new relationship with Jesus Christ, he rejected and cast away all his old ways and practices. When called by his old friends, he replied: "Old Augustine is dead". By providence, this was the man who later became St. Augustine. Completely shunning all ways of sin and choosing the new path is indeed newness.

May God Almighty grant us grace to press on in the newness of life.

**Christenson E. Sarasam**
*Editor.*

## *The Presbyter Speaks....*



**Theme of the Year:**

('Pastoral Ministry in the Urban Context')

Enabling the congregation to bear witness.

Dearly ones in Christ,

I deem it my great pleasure to greet each and every one of you in our Saviour's wonderful Name. At the outset, let me wish that in the new year 2013. May the Immanuel Lord who is with us bless us profusely through out the year. His promise "... Surely I am with you always, to the very end of age" Matt. 28:20(b)(NIV).

### Golden verse of this month

*"God is faithful, by (through) whom ye were called unto the fellowship of his son Jesus Christ our Lord" (1 Corinthians 1:9)*

***"തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ" (1 കൊരിന്ത്യർ 1:9)***

Once Dr. Gnana Roinson, the Principal of U.T.C. Bangalore, raised a question to the theological students when I was doing my theological Post Graduate studies. He asked "Why not make each day a happy day and each year a truly happy year? There were a lot of answers to the question and after a short discussion he said it is possible if only we have an intimate fellowship with the one who is controlling our life! ("The source of life"), Here in 1 Corinthians, Apostle Paul says that "God is faithful by whom ye were called unto the fellowship of his son Jesus Christ our Lord".

Each and every incident in our life confirms undoubtedly that God's blessings are uncountable and God's caring & nurturing are inevitable nevertheless a closer fellowship with the faithful God is essential to achieve the same. We receive fellowship with God through His son and our Saviour Jesus Christ even though we are undeserving. The Scripture describes that our God is faithful in his promises and safeguards us always. The new year is a suitable occasion to remember the faithfulness of God; how he loved and protected us in the past years and promised to follow us all the days of our life if we remain with Him. If we remain with God as a faithful child of God, then we are legitimate inheritors of God's blessings which are guaranteed for all of us for he holds the key to our future.

St. Paul writes to the Corinthian Church concerning the moral and spiritual state of things. There were many things to hinder the power and progress of the Gospel in the city of Corinth. The sinfulness of the people of Corinth was notorious. It was there "the social forces of the age met, and all the licentiousness that had been the shame or the religion of the other lands". Impurity was indulged as a religious service as seen in the worship of the

other faiths in the city of Corinth. Having pointed out the essentiality of faith in Christianity, Paul says that the believers are called into the fellowship of the Lord and Saviour Jesus Christ, the Son of God. As God is faithful in His promises, the believers are also called to be faithful to God in their calling.

This letter is essential to look into the heart of the local church and the vignette gained is what one would expect whether to look into any church in any age. According to the evidences, the epistle was written in A.D. 54 or 55. The outline of this letter may be given as follows:

1. Disorders in the church 1:1-4:21
2. Discipline in the church 5:1-6,8
3. Directions in marital relationships 6:9-7:40
4. Demonism and Decorum in the Communion Service 8:1-11:34
5. Diversity in spiritual gifts 12:1-14:40
6. Death in the light of the Resurrection of Christ 15:1-58
7. Demands in Gospel work 16:1-24

The faithful believers must behave with the fuller fellowship with God revealed in his own son Jesus Christ our Lord. The Church is a fellowship of God with his members and believers as sons and daughters. The church must be an invited and chosen one to have compact fellowship with God Almighty. God blesses our lives because he wants us to become a blessing to others. God's blessings in our lives must be counted not by what we have, received but by what others had received from God through us. Gods blessings are qualitative, perfect and sufficient (Col. 2:9-16) In this New year let us receive the power and authority from God through Christ our Lord to live a sinless life that would become a great model of fellowship for our fellow beings.

**Day of Covenant: Happy New year**

Ist January is observed as the day of Covenant every year. We have to refresh ourselves and submit our lives to God's guidance by new discussions for a covenant relationship with God. Let us pledge to share the life of Christ that will bear witness to God's glory in this world.

**Day of Epiphany and Week of Prayer**

January 6th is observed as the day of Epiphany. The Lord and Saviour Jesus Christ revealed for all. The word Epiphany means "showing forth" or revealing. The traditional belief refers to the revelation of Jesus to Gentiles in relation to the visit of the wise men to see infant Jesus. The wise men were not Jews but were the first gentiles to come and worship Jesus. From January first to sixth Sunday, one week is observed as prayer week for the blessing of new year. Come and participate for the same without fail.

On January 25th, the church remembers the conversion of Saul (Acts. 9:9) According to historians, St. Paul lived till he was 65. He had individual ideals and concepts in his mind when he went on seizing Christians at

Damascuss by obtaining letters from the High-priest. But later he became a disciple of Christ, when Lord Jesus interacted with him and converted him to Paul.(Acts 9:3-24).

**Republic Day**

On 26th January, our Nation is celebrating the 63rd year after it had been declared as a Republic Nation. January 26th is the Day we agreed among ourselves to govern us with a charter known as the "Indian Constitution". The prime objective of the constitution was to ensure life in all its fullness to the citizens. Let us remember our ancestors and fathers who participated in this great achievement as patriots with the feeling of Nationalism.

**Fellowship and other organisations.**

From January onwards the Women's Fellowship, Young Family Fellowship, Missionary Prayer Fellowship, Christian Endeavour Youth Fellowship, Senior Citizen's Fellowship etc and other sub organisations like Sunday School, Junior Christian Endeavour (JCE) BCL union and other activities of the church will function as per schedule participate in the respective organisations and fellowships without fail to fulfil the purpose and vision of the church to bear witness to our Saviour Jesus Christ.

Being part of the ministerial team of our church, I wish you a pleasant and blessed new year on behalf of all the presbyters and their family members. Let us actively participate to bear witness with our regular and committed actions for the extension of the vineyard of our eternal King.

With best wishes and prayers,

*Yours in Christ,*

***Vincent Achan***

---

# THREE THINGS TO REMEMBER

**Miss. Matty Vilasini White**

1. Love the three: Honesty, Sanctity and Truth
2. Understand the three: Time, Health and Wealth
3. Respect the three: Father, Mother and Teacher
4. Shun the three: Backbiting, Bad Companion and Selfishness
5. Attend the three: God, Hard work and Duty
6. Fight for the three: Independence, Truth and Justice
7. Die for the three: Friendship, Religion and Country
8. Always be ready for the three: Disaster, Death and Crisis
9. Take care of the three: Handicapped, Widows and Orphans
10. Control the three: Anger, Mind and Tongue

## From the Secretary's desk.................



Dear Co-believers,

Let us thank God for allowing us to see the year 2013! Many of our friends, relatives and co-believers who saw the dawn of 2012 were called to the eternal home. May the 'New Year' be an year of abundant blessings to each and everyone of us!

The church, its campus, office and members, bubbling with activities and assignments, have returned to normalcy with dawn of January. I thank all the persons who participated actively in all the programmes in December.

The carollers grouped into four groups and achieved hundred percent coverage under the convenership of Mr. T. Jayakumar Alfred and Er. Joshi Das Y.S. The following leaders helped them in conducting the rounds from 28-11-2012 to 21-12-2012. M/s Naveen Sam, Ajith Sen, Peter Chellayan, John Benson, Charles F.T., Amarnath I. Paul, Premchand Johnson, Sadrach Suseel, Sen Edwin, Martin Daniel, Jeevan Satyan, Vijayakumar, Er. Jose H. Jones and Mrs. Ponmoni Mohana.

The 106th Church Day started with combined communion service on 2-12-2012 at 8.30 a.m. **Mr. Sam Balachandran** was the chief guest. Our members who made notable achievements were felicitated under the leadership of Dr. S.G. Churchin Ben, Smt. Priya Joy, M/s Martin Daniel and Victor E. Joseph. About two thousand persons enjoyed the love-feast organised under the leadership of Rev. Sunin Spenzer, M/s K. Hudson and Y. Christudas.

The annual fancy sale named as "Noel Fiesta" (the name proposed by Mrs. Suvarna Jane) was inaugurated on 8-12-2012 by **Shri A. Charles** (Ex. Member of Parliament). The first bid was made by Mr. Danny Wilfred, on-line. The novelty of 'Noel-Fiesta' was that our members living abroad could also participate in the bidding of a few selected items 'on-line'. The income from Noel Fiesta has already crossed Rs. 11 lakhs. The conveners M/s C.E. Sarasam, Suresh Devaraj and Jayakumar Alfred (ex-officio convener) and joint conveners M/s Naveen Sam and C.L. Lal deserve our appreciation and thanks for the record collection ear-marked for completing the M.M. Church Centenary Memorial C.S.I Church at Kuravankonam. All the sub organisations and various families sponsored stalls and contributed their mites as follows:

| | | | | | |
|---|---|---|---|---|---|
| 1. H.M.S. | - | 8,350 | 5. C.E.Y.F. | - | 18,010 |
| 2. Crockery Stall | - | 8,670 | 6. S.C.F. | - | 29,350 |
| 3. J.C.F | - | 9,845 | 7. Women's Fellowship | - | 31,120 |
| 4. B.C.L.U. | - | 12,740 | 8. Young Family Fellowship | - | 37,500 |

| | | | | | |
|---|---|---|---|---|---|
| 9. Family Stall | - | 13,250 | 11. Harvest Bible Study | - | 50,025 |
| 10. Sunday School | - | 17,030 | 12. Church Choir | - | 1,01,185 |

The long-cherished board, displaying the name of our church and the different service timings was erected at the eastern end of the front compound-wall and was dedicated by Rev. C.R. Vincent on 9-12-2012 at 6.00 p.m. This was followed by the 'Carol Service' organised by the C.E.Y.F. participating many city choirs. "Who's the Baby?" the X-mas Carol service presented by the church choir, maintained high standard and was well appreciated. This carol service on 16-12-2012 was preceeded by dedicating of the "Facade Lighting" of our church by Rev. Dr. L.E. Sahanam. This has added further beauty to the splendid illumination of the Church-campus with stars and glittering series sets. The manger and X'mas tree competitions were conducted by Mr. Jothi Sathyanes with the help of M/s J. Albert and Jinu Walsalam. The "combined X'mas-Celebration" was conducted on the Daya-Cross Platform on 23-12-2012 with **Sri. N. Sakthan**, Dy. Speaker, Kerala Legislative Assembly as Chief Guest. It was well attended to the very end inspite of being very late in the night. M/s. C.E. Sarasam, Saguna Raj and Premchand Johnson were the convenors for the same. The interior of the Church was decorated beautifully by a group of promising, dynamic members of the C.E.Y.F. who burned the midnight oil for about a week during the pre-Christmas nights. They deserve our appreciations and thanks. They had the support from Er. Joshi Dhas Y.S. and Dr. Churchin Ben. During the X'mas even service, the church choir sang a few traditional carols and the service ended singing "Silent Night! Holy Night, in candle light. On the forenoon of X'mas we had services in Tamil, Malayalam and English. Many of our X'mas programmes were recorded by different T.V. Channels. In the same afternoon we had the X'mas tree" in the T.J. M. Hall along with the Anniversary Celebrations of B.C.L Union in which prizes were awarded to the winners of Gnanabharanam Memorial Sports Competitions held on the previous morning. The year end prayer at the houses of the disabled and old members was organised by the Gospel Band. The "Watch Night communion Service" started at 10.30 p.m. on 31-12-2012 and the members prayerfully entered the new year! The new-year service was held at 7:00 a.m. on 1-1-2013. May God bless us all more abundantly and by His grace, bestow a healthy, happy, peaceful and prosperous 2013.

Permanent membership in our church has been granted to Mr. Benjamin Jesudhas and family residing at T.C. 27/1901-1, Vanchiyoor.

This year's X-mas kit and poor clothing were distributed by Mrs. Charlet Bai Robert Singh and Mrs. Grisilda Wills. Besides this, we could offer the following help:

Marriage-aid:

| | | |
|---|---|---|
| 1. Retna Bai, Kottavila | - | Rs. 2000 |
| 2. Thankam, Koduvadu | - | Rs. 3000 |
| 3. Balraj, Perumpazhuthoor | - | Rs. 2000 |
| 4. Soumya, Poonthura | - | Rs. 5000 |
| 5. Manoharan, Kallayam | - | Rs. 2000 |
| 6. Santha, Kanjiramkulam | - | Rs. 2000 |

Medical-aid:

| | | |
|---|---|---|
| 1. Surendran, Keezhavoor | - | Rs. 5000 |
| 2. Matilda, Trivandrum | - | Rs. 3000 |
| 3. Raghu, Eruthavoor | - | Rs. 1000 |

Housing-aid: Rs. 5000 to Manikantan of Kothalam

Financial aid: Rs. 1000 to Rajagopal, Lenin Nagar.

May God console the bereaved surviving members of the families of Mr. D. Somasundaram and Rr. Ramesh Dhas who were called to eternal rest!

**Dr. Samson Nessiah**
Church Secretary

# The New Year

**Miss. Matty Vilasini White**

***"Behold I make all things NEW" (Revelations 22:5)***

We are all fond of New Things. We love to have new clothes, new ideas, new furniture etc. Some of us wish to have new friends, new pictures, read new books, new life style. People like to enter into new fields of education, technology, new discoveries. We adapt and cultivate new plants and trees. With regard to our social, cultural, mental and spiritual life, our desire for the NEW has very deep routes in our human nature. There will be new ideas, new experiences which give them a new place of regard. We like the New in the Old. The new may indicate the tendancy to better and more comfortable life. "Behold I make all things NEW".

Now, the question is : Why do we like new things? Because they charm us: their colour, utility, value, their quality of lasting longer - the shape, the appeal to our senses to invest money to purchase them. What is the need for making all things new? The verse continues: "I saw a New Heaven and New Earth for the first Heaven and the first Earth passed away. What is left is just nothing".

God brings the New Heaven and New Earth into existence. He has prepared them according to His mode and choice.

# ക്രൈസ്തവ സഭയ്ക്ക് എന്തു സംഭവിച്ചു!

റൈറ്റ്. റവ. ഡോ. സാം മാത്യു

**നിങ്ങളുടെ സഭയ്ക്ക് ഇന്ന് എന്തു പറ്റി?** ഒരു പ്രമുഖ ഹൈന്ദവരാഷ്ട്രീയ നേതാവ് അടുത്ത കാലത്ത് ചോദിച്ച ചോദ്യമാണിത്. ക്രൈസ്തവസഭയിൽ വർദ്ധിച്ചു വരുന്ന ഭിന്നതകളും പരസ്പര വൈരാഗ്യവും കോടതിക്കേസുകളും ജനങ്ങളിൽ വർദ്ധിച്ചു വരുന്ന സഭാവിരുദ്ധ നിലപാടുകളും ഉദാസീനതയും കണ്ടു കൊണ്ടാണ് അദ്ദേഹം അങ്ങനെ ചോദിച്ചത്. ക്രൈസ്തവ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മൂല്യച്യുതിയും സഭയിലും ആരാധനയിലും ജനങ്ങൾ കാട്ടുന്ന താത്പര്യമില്ലായ്മയും ആ ഹൈന്ദവ സ്നേഹിതനെ അത്ഭുതപ്പെടുത്തി.

അങ്ങനെ തുടർന്നു പറഞ്ഞത് ഇങ്ങനെയാണ്-'ഒരു കാലത്ത് ക്രൈസ്തവ സ്നേഹത്താൽ പ്രേരിതരായി ത്യാഗനിധികളായ മിഷനറിമാരും ക്രൈസ്തവനേതാക്കളും ത്യാഗബുദ്ധിയോടെ പ്രവർത്തിച്ചതു കൊണ്ടാണ് കേരളത്തിൽ ഇത്രമാത്രം പരിവർത്തനം ഉണ്ടായത്. ഇന്ന് ആ സ്നേഹം നിങ്ങളിൽ ഉണ്ടെങ്കിൽ പോലീസിന് പള്ളികളിൽ കാവൽ നിൽക്കേണ്ടി വരുമോ? ഇക്കാലത്ത് നാം ഗൗരവമായി ചിന്തിക്കേണ്ട ചോദ്യമാണിത്.

അദ്ദേഹത്തിന് എന്തു മറുപടിയാണ് നൽകേണ്ടത് എന്നോർത്ത് വിഷമിച്ചു. അപ്പോൾ ഡോ. ഡേവിഡ് പ്രയർ എന്ന ചിന്തകൻ എഴുതിയ പുസ്തകത്തിലെ ഒരു വാചകമാണ് ഓർമയിലെത്തിയത്. "ഒരു സഭ എന്ന നിലയിൽ ഇന്നു നമുക്ക് ഒരു പ്രധാനപ്പെട്ട കാര്യം ഒഴികെ മറ്റെല്ലാം ഉണ്ട്." **(As a Church today we have everything, but the main thing).** ഇന്ന് ക്രൈസ്തവ സമൂഹം പൊതുവേ എല്ലാം ഉള്ള സമൂഹമാണ്. **(An affluent community)**. സഭകൾക്ക് പണവും സ്ഥാപനങ്ങളും പ്രഗത്ഭരായ നേതാക്കളുമുണ്ട്. കോടികൾ ചെലവാക്കി പണിത പള്ളികളും പാഴ്സണേജുകളും പാരിഷ് ഹാളുകളും വ്യാപാര സമുച്ചയങ്ങളും സ്വാധീനവും ശക്തിയും നമ്മുടെ പ്രൗഢി വിളിച്ചോതുന്നു. വ്യക്തികളും കുടുംബങ്ങളും ഇടവകകളും കൂട്ടായ്മകളും സമ്പന്നാവസ്ഥയിൽ തന്നെ. പിന്നെ എന്താണ് ഇല്ലാത്തത്? പ്രധാനപ്പെട്ട ഒരു കാര്യം മാത്രം. അതു മറ്റൊന്നുമല്ല-യേശു ക്രിസ്തു. **ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനിത്വം-അതാണ് ഇന്നത്തെ വലിയ അപകടം.**

ആദിമസഭയുടെ പ്രതീകങ്ങളായ പത്രോസും യോഹന്നാനും ദേവാലയത്തിൽ സുന്ദരം എന്ന ഗോപുരവാതിൽക്കൽ എത്തിയത് ഓർക്കുക. അവിടെ അവർ കണ്ട മുടന്തനായ മനുഷ്യൻ ഇന്നത്തെ സമൂഹത്തിന്റെ പ്രതീകമാണ്. പരസഹായത്താൽ ജീവിക്കുന്നവനാണ് അവൻ. അപ്പൊസ്തലൻമാർ അവനോടു പറയുന്നത് "വെള്ളിയും പൊന്നും എനിയ്ക്കില്ല, എനിയ്ക്കുള്ളത് നിനക്കു തരുന്നു; നസ്രായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക" എന്നാണ്. യേശു അല്ലാതെ മറ്റൊന്നും ഞങ്ങൾക്കില്ല എന്നു പറയുന്ന ആദിമസഭയും യേശു ഒഴികെ മറ്റെല്ലാം ഞങ്ങൾക്കുണ്ട് എന്നു പറയാൻ കഴിയുന്ന ആധുനിക സഭയും - ഇതാണ് ഇന്നത്തെ സ്ഥിതി.

നമ്മുടെ ജീവിതത്തിലും ഭവനത്തിലും ദേവാലയത്തിലും കൂട്ടായ്മകളിലും പ്രവർത്തന മേഖലകളിലും അന്വേഷിച്ചാൽ അവിടെ യേശുവിനെ കാണാൻ സാധിക്കുമോ? തമ്മിൽ തല്ലുന്ന അംഗങ്ങളെയും മദ്യത്തിനും മയക്കുമരുന്നിനും മറ്റു സാമൂഹ്യ തിന്മകൾക്കും വിധേയരായവരെയും അല്ലേ അധികമായി കാണുന്നത്? കർത്താവിന്റെ ശരീരമായ സഭയ്ക്ക് നേതൃത്വം നൽകുന്നവരുടെ

ജീവിതാവസ്ഥ എന്താണ്? മദ്യപരും സാമൂഹ്യ തിന്മകൾക്ക് അടിമകളാവരും പലപ്പോഴും സഭാസമിതികളിലും കമ്മിറ്റികളിലും കയറിപ്പറ്റാറില്ലേ? പരിണിത ഫലമോ, സാധാരണക്കാരായ ജനങ്ങൾ സഭയിൽ നിന്ന് അകലുന്നു. കുറേപ്പേർ താത്കാലികമായി കുരുത്തുവരുന്ന നവപ്രസ്ഥാനങ്ങളിൽ ആകൃഷ്ടരാകുന്നു. മറ്റു ചിലർ പള്ളിയും പട്ടക്കാരനുമില്ലാതെ ജീവിക്കുന്നു. പള്ളിയിലും ആരാധനയിലും ആളുകൾ കുറയുന്നു.

കേരളത്തിലെ ഒരു ഗ്രാമത്തിൽ കുട്ടികൾ രാത്രിയിൽ പഠിക്കുന്നത് തകരവിളക്കിന്റെ വെളിച്ചത്തിലാണ്. എന്നാൽ അവിടെ വൈദ്യുതിയുണ്ടുതാനും. ഒരു പത്രവാർത്തയാണിത്. എന്തുകൊണ്ട് തകരവിളക്കിന്റെ വെളിച്ചത്തിൽ ഇവർക്ക് പഠിക്കേണ്ടി വന്നു? വീടുകളിൽ വൈദ്യുതി ഉണ്ടെങ്കിലും ബൾബുകൾ കത്തുവാനുള്ള വോൾട്ടേജില്ല.

സഭയുടെ അവസ്ഥയും ഏതാണ്ട് ഇതുപോലെയാണ്. വൈദ്യുതി ഉണ്ട്, എന്നാൽ ബൾബുകൾ കത്തുവാനുള്ള വോൾട്ടേജില്ല. കത്തി ജ്വലിക്കുന്ന എത്ര ക്രിസ്ത്യാനികൾ നമ്മിലുണ്ട്? ആത്മികരെന്ന് നാം അഭിമാനിക്കുന്നു. എന്നാൽ പ്രകാശം കൊടുക്കുവാൻ നമുക്കു കഴിയുന്നുണ്ടോ? **"ജീവനുണ്ടെന്നൊരു നാമമേ ഉള്ളെന്നിൽ ജീവനില്ലേ പരനേ"** എന്ന ഗാനം എത്ര അന്വർത്ഥമാണ്! ഗ്രാമീണസഭകളിൽ ഏകദേശം 40 ശതമാനം ആളുകളും പട്ടണങ്ങളിൽ 60 ശതമാനം ആളുകളും ഇന്ന് ഇരുട്ടിൽ തപ്പുകയാണ്. പള്ളിയും പട്ടക്കാരനും വേണ്ട എന്ന സ്ഥിതിയിലാണ് അവർ അനേകരും. തകരവിളക്കുകൾ അവിടവിടെ കത്തുന്നു. ആൾ ദൈവങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. അവിടേക്ക് ജനങ്ങൾ ഒഴുകുകയാണ്. എന്നാൽ ഇവയെല്ലാം താല്ക്കാലികം മാത്രം. മണ്ണെണ്ണ തീരുമ്പോൾ അവ താനേ കെട്ടടങ്ങും. കയ്യിൽ കിട്ടിയതുമായി ആൾ ദൈവങ്ങൾ മുങ്ങുകയും ചെയ്യും. അതുകൊണ്ട് സഭയിൽ ഇന്ന് ഒരു നവോത്ഥാനം ആവശ്യമായിരിക്കുന്നു.

മുടന്തുള്ള ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. **(Spiritual invalidism).** ആത്മികമായ വികലാംഗത്വം, ധാർമ്മികമായ അധഃപതനം, സാമൂഹ്യ പ്രതിബദ്ധതയില്ലായ്മ - ഇവയുള്ള വികലമായ ഒരു സമൂഹം. പത്രൊസും യോഹന്നാനും ഈ മുടന്തനെ കണ്ടു. അവർ അവിടെ നിന്നു. അവന്റെ അടുത്തേക്ക് ഇറങ്ങിച്ചെന്നു. അവനെ കൈയ്ക്കു പിടിച്ചു തങ്ങളോടൊപ്പം നിർത്തി. ദേവാലയത്തിലേക്കു പ്രവേശിച്ചു. അവർ അവിടെ കണ്ടത് കേവലം ഭിക്ഷ കൊടുത്ത് തീർക്കാവുന്ന ഒരു പ്രശ്നമായിരുന്നില്ല. ഒരു മാനുഷിക പ്രശ്നമാണത് **(Human problem).** പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുന്നതിനു പകരം അവനെ നോക്കി എന്നു പറയുമ്പോൾ പ്രശ്നത്തെക്കുറിച്ച് കുലംകക്ഷമായി പഠിച്ചു എന്നാണർത്ഥം. അവന്റെ ആവശ്യം കേവലം ഭക്ഷണം മാത്രമല്ല. ജീവന്റെ പൂർണ്ണതയാണ് അവനാവശ്യം. പഞ്ചനക്ഷത്ര സുവിശേഷവേലയല്ല ഇന്നാവശ്യം. പ്രശ്നങ്ങളുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലുക. മിസ്രയീമിലേക്ക് ഇറങ്ങിചെല്ലുക എന്നാണ് മോശയോട് ദൈവം കല്പിക്കുന്നത്.

ഇറങ്ങിച്ചെന്ന് അവർ അവന്റെ കൈയ്ക്കു പിടിച്ചു. പ്രശ്നങ്ങളുമായി താദാത്മ്യം പ്രാപിക്കുകയാണ് അവർ. മറ്റൊരുവന്റെ പ്രശ്നം എന്റെ പ്രശ്നമായി സ്വയം ഏറ്റെടുക്കുന്ന മനോഭാവമാണ്. അവനെ കൂടെക്കൂട്ടി ദേവാലയത്തിലേക്ക് ചെന്ന് അവർ അവനോടൊപ്പം ദൈവത്തെ ആരാധിച്ചു. അതാണ് സുവിശേഷവേല. ജീവന്റെ പൂർണ്ണതയില്ലാത്ത മുടന്തുള്ള സമൂഹത്തിലേക്ക് ജീവന്റെ ചൈതന്യവുമായി ഇറങ്ങിചെല്ലുക. അതാണ് സഭയുടെ ദൗത്യം. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളുടെ മദ്ധ്യത്തിലേക്ക് ത്യാഗബുദ്ധിയോടു

# യുവജനവാരം-2012

**ഈ** വർഷത്തെ യുവജനവാരാഘോഷം 2012 ഒക്ടോബർ 14 - 21 വരെ ദൈവ കൃപയാൽ വിജയകരമായി നടത്തപ്പെട്ടു. **'ജാഗ്രതയുള്ളവനായിരിക്ക'** എന്നതായിരുന്നു ചിന്താവിഷയം. 14-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് റവ. സി. ആർ. വിൻസന്റ് അച്ചൻ കൊടി ഉയർത്തി യുവജനവാരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അന്നേ ദിവസം വൈകുന്നേരം നടന്ന **'ടാലന്റ് ഈവ്'** നമ്മുടെ സഭയിലെ വിദ്യാർത്ഥികളും യുവാക്കളും തങ്ങളുടെ താലന്തുകൾ അവതരിപ്പിച്ചു. റവ. സുനിൽ സ്പെൻസർ അച്ചൻ കൊച്ചുകൊച്ചു കളികളിലൂടെ എല്ലാവർക്കും നർമ്മം പകർന്നു. 'ഫിലിംഷോ'യും ഉണ്ടായിരുന്നു. 15-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം യുവജനങ്ങൾ നമ്മുടെ സഭയിലെ യുവജനങ്ങളുടേയും രോഗാവസ്ഥയിൽ കഴിയുന്നവരുടേയും ഭവനങ്ങൾ സന്ദർശി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. 16-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് **'റീഹാബിലിറ്റേഷൻ സെന്റർ'** സന്ദർശി ക്കുകയും അവിടുത്തെ അന്തേവാസികളോ ടൊപ്പം സമയം ചെലവിടുകയും ചെയ്തു. അന്നേ ദിവസം വൈകിട്ട് 5.30 ന് സഭയിൽ വച്ച് റവ.എൽ.ഇ. സഹനം അച്ചന്റെ നേതൃത്വത്തിൽ ഒരു പ്രാർത്ഥനാ യോഗവും, തുടർന്ന് സഭാശുചീകരണവും നടന്നു. ഒക്ടോബർ 17, ബുധനാഴ്ച വൈകുന്നേരം 6.30 ന് CEYF ആക്ടിംഗ് സെക്രട്ടറി അജിത്ത് സെന്നിന്റെ ഭവനത്തിൽ വച്ച് 'കോട്ടേജ് പ്രയർ' നടന്നു. റവ.സുനിൽ സ്പെൻസർ അച്ചൻ ദൈവവചന ശുശ്രൂഷ നിർവഹിച്ചു. 18-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം നടത്തപ്പെട്ട '**വർഷിപ്പ് & വിറ്റ്നെസ്സിംഗ്**' ആരാധനയിൽ CEYF അംഗം ശ്രീ. റെജി ഡേവിഡ് ദൈവദൂത് നല്കുകയും ചെയ്തു. 19, 20, 21 തീയതികളിൽ നടന്ന കൺവെൻഷനിൽ ബ്രദർ. ബഞ്ചമിൻ മോസസ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾക്ക് അനുയോജ്യമായ സന്ദേശം നൽകി. 21-ാം തീയതി യുവജന ഞായറായി ആഘോഷിച്ചു. അന്നത്തെ എല്ലാ ആരാധന കളിലും യുവജനങ്ങൾ വിവിധ ഭാഗങ്ങൾ കൈകാര്യം ചെയ്തു. CEYF അംഗങ്ങളായ ആൽബർട്ട് ഡാനിയേൽ, എബിസംജി, ദീപ്തി ശേഘർ, സെരാഗിൽ ഓസ്റ്റിൻ പ്രിൻസ് എന്നിവർ വിവിധ ആരാധനകളിൽ വചന ശുശ്രൂഷ നിർവഹിച്ചു. 8 മണിക്കുള്ള മലയാളം ആരാധനയിൽ ബ്രദർ. ബഞ്ചമിൻ മോസസ് ദൈവദൂത് നൽകി. കൺവെൻ ഷൻ യോഗത്തോടു കൂടി ഈ വർഷത്തെ യുവജനവാരം അനുഗ്രഹകരമായി സമാപിച്ചു.

**യുവജന സെക്രട്ടറി**

---

➡

കൂടി ഇറങ്ങിചെല്ലുന്ന പട്ടക്കാരും സുവിശേഷകരും നമുക്കുണ്ടാകണം.

അതിന് അത്യാവശ്യമായുള്ളത് ധാർമ്മിക ശക്തിയാണ്. ''ഞങ്ങളെ നോക്കൂ'' എന്നു പറയാനുള്ള ചങ്കൂറ്റം അപ്പോസ്തലന്മാർക്കുണ്ടായിരുന്നു. 'ഇന്നത്തെ സഭയ്ക്ക് അതുണ്ടോ?, സഭശുശ്രൂഷകർക്ക് അതുണ്ടോ? സഭയിൽ നിന്ന് അകന്നു നിൽക്കുന്നവരെ ആകർഷിക്കുവാനുള്ള ഏക പോംവഴി സഭയിൽ ഇത്തരത്തിലുള്ള ഒരു പരിവർ ത്തനം അഥവാ നവോത്ഥാനം ഉണ്ടാകുക എന്നുള്ളതാണ്. ഉപരിപ്ലവമായ ഒരു ചലനമല്ല ആവശ്യം; ആഴത്തിലുള്ള ചലനാത്മകതയാണ്. ഈ ചലനാത്മകത യാണ് നവോത്ഥാനം. അങ്ങനെ ഒരു നവോത്ഥാനത്തിനായി നമുക്ക് പ്രാർത്ഥി ക്കാം. **''ഞങ്ങളെ നോക്കൂ'' എന്ന നവോ ത്ഥാന ശൈലി സഭയിൽ സംജാതമാകട്ടെ.**

# ഭയാദരവോടെ വാഴ്ത്തപ്പെട്ട നാമം-യേശു

ഡോ. ഫ്ളോറൻസ് ഐസക്

സ്വർഗ്ഗത്തിലെയും ഭൂമിയിലെയും ഏറ്റവും ശക്തവും, ദീപ്തവും, വാഴ്ത്തപ്പെട്ടതുമായ നാമമാണ് ''യേശു''. സ്വർഗ്ഗീയ പിതാവായ ദൈവം തന്റെ പ്രിയ പുത്രന് യേശു എന്നു നാമകരണം ചെയ്തു. മഹത്തായ ആ നാമം കേൾക്കുമ്പോൾ സ്വർല്ലോകരുടെയും, ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെ മടങ്ങുകയും എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും. മാനവരാശി ഇന്നേവരെ ഉച്ചരിച്ചിട്ടുള്ള ഏറ്റവും ശ്രേഷ്ഠവും മഹനീയവുമായ നാമമാണ് "യേശു". യേശുവിൽ വിശ്വസിക്കുന്നവർ ദൈവപുത്രന്മാരായിത്തീരും. പരിശുദ്ധമായ ആ നാമത്തിലൂടെയാണ് നാം സ്വർഗ്ഗീയ പിതാവിനോട് സമീപിക്കേണ്ടത്. പരിശുദ്ധമായ യേശു എന്ന നാമത്തിലൂടെ നാം പ്രാർത്ഥിച്ചാൽ യേശു അതു നിറവേറ്റിത്തരും. അങ്ങനെ പിതാവായ ദൈവം വാഴ്ത്തപ്പെടുന്നു. യോഹന്നാന്റെ സുവിശേഷം 14:13-ൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തുതരും''. യേശു എന്ന നാമം ഉരുവിട്ടാൽ പിശാചുക്കൾ വിറയ്ക്കുകയും ഓടിമാറുകയും ചെയ്യും.ആ നാമം ഉച്ചരിക്കുമ്പോൾ രോഗമെല്ലാം മാറിക്കിട്ടും. ആ നാമം നമുക്കു ശക്തിഗോപുരവും, സഹായ ഹസ്തവുമാണ്.

യേശു എന്ന നാമം സാന്ത്വന ലേപമാണ്. മുറിവേറ്റ ഹൃദയങ്ങളേ, യേശു കർത്താവിനെ ധ്യാനിക്കുക. ആ സാന്ത്വന ലേപം നിങ്ങളുടെ മുറിവുണക്കും. യേശുവിന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ യേശുവിന്റെ സാന്നിദ്ധ്യം ഉണ്ടാകും.

യേശു എന്ന നാമത്തിലൂടെ നമുക്ക് പാപമോചനവും നിത്യജീവനും ലഭിക്കുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ യേശു എന്ന നാമം ഉരുവിടണം. ദൈവത്തിന്റെ നാമം നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമാകണം. ദൈവ വചനം ഇപ്രകാരം പറയുന്നു: വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ അനുഗ്രഹിക്കപ്പെടും. നിങ്ങളും നിങ്ങളോടൊപ്പം ഉള്ളവരും അനുഗ്രഹിക്കപ്പെടും.

**നാം എല്ലാ ക്രിസ്ത്യാനികളും യേശുവിനു വേണ്ടി പീഢനകൾ ഏറ്റുവാങ്ങാൻ തയ്യാറായിരിക്കണം. അങ്ങനെ ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിലെ പ്രതിഫലം മഹത്തായിരിക്കും .**

നമ്മുടെ ചുണ്ടുകളിൽ എപ്പോഴും യേശുവിന്റെ നാമം ഉണ്ടായിരിക്കണം. യേശുവിന്റെ നാമത്തിൽ നാം ജീവിക്കണം. യേശുവിന്റെ നാമം നമ്മുടെ ചുണ്ടുകൾക്ക് തീർച്ചയായും തേൻ മധുരം നൽകും. സ്വർഗ്ഗാധിസ്വർഗ്ഗങ്ങളിലെ രാജാവായ യേശുദേവനെ ഹൃദയംഗമായി ആദരിക്കുവാൻ ഹൃദയത്തിൽ തീവ്രമായ ആഗ്രഹമുണ്ടായിരിക്കണം.

**യേശു എന്ന നാമം എത്ര ശ്രേഷ്ഠം!**

# യിസ്രായേൽ-പാലസ്തീൻ പോരാട്ടം

**ബെഞ്ചമിൻ മോസസ്**

ലോകരാജ്യങ്ങൾ ഈ ദിവസങ്ങളിൽ പ്രതേക ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന രാഷ്ട്രമാണ് യിസ്രായേൽ. വളരെയധികം പ്രവചനങ്ങൾ യിസ്രായേലിനെക്കുറിച്ച് തിരുവെഴുത്തുകളിൽ നാം കാണുന്നു. അവയിൽ പല പ്രവചനങ്ങളും നിറവേറി ചരിത്രമായി. ഇപ്പോൾ നിറവേറികൊണ്ടിരിക്കുന്നതും ഇനി നിറവേറേണ്ടതുമായയുള്ള പ്രവചനങ്ങളുണ്ട്. അവ ഏതെല്ലാമാണെന്ന് നമുക്ക് ശ്രദ്ധിക്കാം.

**1. യിസ്രായേൽ ജനത ഭൂമിയിലൊക്കെയും ചിതറിക്കപ്പെടും (ആവ. 28:64)**

ഇന്നേക്ക് ഏകദേശം 3500 വർഷങ്ങൾക്കു മുമ്പ് യിസ്രായേല്യർ ഭൂലോകമൊക്കെയും ചിതറിക്കപ്പെടുമെന്ന് മോശെ പ്രവചിച്ചു (ആവ. 28:64). എന്റെ കൽപ്പനകളെ ലംഘിച്ചാൽ ഞാൻ നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ രറ്റം വരെ ചിതറിക്കുമെന്നു ദൈവം മോശെയിലൂടെ യിസ്രായേലിനെക്കുറിച്ചു പ്രവചിച്ച് നാം ബൈബിളിൽ വായിക്കുന്നു. ആ പ്രവചനം ബി.സി. 722ലും 586ലും എ.ഡി. 70ലും 135ലും യിസ്രായേലിനോടുള്ള ബന്ധത്തിൽ പൂർണ്ണമായി നിറവേറി.

ബി.സി. 1500-ലെ ഈ ബൈബിൾ പ്രവചനം നാം സൂക്ഷ്മമായി പഠിച്ചാൽ നമ്മെ അത്ഭുതപ്പെടുത്തുന്ന അനവധി കാര്യങ്ങളിൽ ഒന്ന് മോശെ ഈ പ്രവചനം പറയുമ്പോൾ യിസ്രായേൽ എന്ന രാജ്യമോ ഭരണ സംവിധാനമോ ഇല്ല എന്നതാണ്. എന്നാൽ ഈ പ്രവചനത്തിനുശേഷം അവർക്ക് രാജ്യവും ഭരണവും ലഭിക്കുന്നു; പ്രത്യേകിച്ച് ശലോമോന്റെ കാലത്ത് അവർ ഒരിക്കലും ചിതറിപ്പോകില്ലെന്നു തോന്നുമാറ് ഉറപ്പുള്ളവരായി മാറിക്കഴിഞ്ഞു എങ്കിലും മനുഷ്യന്റെ എല്ലാ കണക്കുക്കൂട്ടലുകളെയും തെറ്റിച്ച് ബൈബിൾ പ്രവചനം നിവർത്തീകരിക്കപ്പെട്ടു.

**2. യിസ്രായേൽ നശിക്കയില്ല (യെഹെ 37:11-14)**

യിസ്രായേൽ ലോകമെമ്പാടും ചിതറപ്പെട്ട്, പീഡിപ്പിക്കപ്പെട്ട്, അനേകായിരങ്ങൾ കൊല്ലപ്പെട്ടു എങ്കിലും അവർ ഇന്നും നില നിൽക്കുന്നതിന്റെ പിന്നിൽ ചില ദൈവീക വാഗ്ദത്തങ്ങളും പ്രവചനങ്ങളും ഉണ്ട്. യിസ്രായേൽ ദേശം നമ്മുടെ കേരളത്തിന്റെയത്രയും പോലും വലുപ്പമുള്ളതല്ല. നമുക്കുള്ളതുപോലുള്ള ജനസംഖ്യയും അവർക്കില്ല. ഒരു ചെറിയ രാജ്യം, 345 ചതുരശ്രയടി കിലോമീറ്റർ വിസ്തീർണ്ണം. ഇവരെ നശിപ്പിച്ചുകളവാൻ ചക്രവർത്തിമാരും രാജാക്കന്മാരും പരിശ്രമിച്ചു. ഇന്നും പ്രധാനമന്ത്രിമാരും പ്രിസിഡന്റുമാരും പരിശ്രമിക്കുന്നു. പക്ഷേ കഴിയുന്നില്ല. യിസ്രായേൽ ഇന്നു ഭൂമുഖത്തു നിൽക്കുന്നത് ഒരു അത്ഭുതം തന്നെ. കഴിഞ്ഞ കാലങ്ങളിൽ ഉടലെടുത്ത എത്രയോ രാജ്യങ്ങൾ, മതങ്ങൾ, സംസ്കാരങ്ങൾ, ജാതികൾ അപ്രത്യക്ഷമായി. എന്നാൽ യിസ്രായേല്യർ ഇന്നും ജീവിക്കുന്നു.

**3. സെഖര്യാവിന്റെ പ്രവചനങ്ങൾ (സെഖ. 12:2-3)**

ഇന്നേയ്ക്ക് 2500 വർഷങ്ങൾക്ക് മുമ്പ് പ്രവാചകനായ സെഖര്യാവ് യെരുശലേമിനെക്കുറിച്ച് ഒരു പ്രവചനം നടത്തി. ആ പ്രവചനത്തിൽ നാലു കാര്യങ്ങൾ ഉണ്ടായിരുന്നു.

1. യെരുശലേം ചുറ്റുമുള്ള സകല ജാതികൾക്കും പരിഭ്രമപാത്രമാകും
2. യെരുശലേം സകല ജാതികൾക്കും ഭാരമുള്ള കല്ലാകും
3. യെരുശലേമിനെ ആരെല്ലാം സഹായിക്കുമോ അവരൊക്കെ കഠിനമായി മുറിവേൽക്കും
4. യെരുശലേമിനു വിരോധമായി ഭൂമിയിലെ സകല ജാതികളും യുദ്ധത്തിനു വരും.

1948-ൽ യിസ്രായേൽ രാഷ്ട്രം ഉടലെടുത്തു. 1967-ൽ യെരുശലേമിന്റെ ഒരു ഭാഗം യിസ്രായേല്യർ പിടിച്ചെടുത്തു. ഇതോടുകൂടെ ചുറ്റുമുള്ള സിറിയ, ഈജിപ്റ്റ്, ലബനോൻ, സൈപ്രസ് എന്നീ രാജ്യങ്ങൾ പരിഭ്രാന്തിയിലായി.

സെഖര്യാവ് ഈ പ്രവചനം നടത്തുമ്പോൾ ക്രിസ്തുമതമോ, ഇസ്ലാംമതമോ ഭൂമിയിലില്ല. അന്ന് യെരുശലേം ആരുടെയും പുണ്യസ്ഥലമല്ല. ഇന്ന് യഹൂദന്റെയും ക്രിസ്ത്യാനിയുടെയും മുസ്ലീമിന്റെയും മതകേന്ദ്രമാണ് യെരുശലേം. മുസ്ലീങ്ങളുടെ മൂന്നാമത്തെ പള്ളി പണിതിരിക്കുന്നത് ഇവിടെയാണ്. ഐക്യരാഷ്ട്ര സംഘടനയിൽ പാലസ്തീൻ രാഷ്ട്രപദവി നേടിയെടുക്കുകയും അതിന്റെ പ്രതികാര നടപടിയായി വെസ്റ്റ് ബാങ്കിൽ മൂവായിരം വീടുകൾ യഹൂദന്മാർക്ക് നിർമ്മിക്കുവാൻ തുടങ്ങിയതോടെ കാര്യങ്ങൾ വീണ്ടും വഷളാകുകയാണ്. ഗാസാ ആക്രമണം തണുത്തിരിക്കുമ്പോഴാണ് അടുത്ത പ്രശ്നം ഉയരുന്നത്. ഇങ്ങനെ യെരുശലേം ലോകത്തിലുള്ള ഏതു പട്ടണത്തെക്കാളും എല്ലാവർക്കും ഭാരമുള്ള കല്ലായിതീർന്നിരിക്കുന്നു.

ഇന്ന് അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളുടെ കാരണങ്ങളിൽ മുഖ്യമായത്, അവർ യിസ്രായേലിനെ സഹായിക്കുന്നു എന്നതാണ്. വേൾഡ് ട്രേഡ് സെന്ററിന്റെ തകർച്ചയും പെന്റഗണിനു നേരെയുള്ള ആക്രമണവും അതിന്റെ പരിണിത ഫലങ്ങളാണ്.

2500 വർഷങ്ങൾക്കുമുമ്പ് വേൾഡ് ട്രേഡ് സെന്ററില്ല, പെന്റഗൺ ഇല്ല, പാലസ്തീൻ പ്രശ്നമില്ല. യെരുശലേം ആർക്കും ഭാരമുള്ള കല്ലായിരുന്നില്ല. എന്നാൽ പ്രവാചകൻ വിളിച്ചു പറഞ്ഞു യെരുശലേം ഭാരമുള്ളകല്ലാകും. അതിനെ ചുമക്കുന്നവർ കഠിനമായി മുറിവേൽക്കും. ഇന്ന് അത് ചരിത്രമായി ത്തീർന്നിരിക്കുന്നു.

ബി.സി. എട്ടാം നൂറ്റാണ്ടിൽ ആമോസ്: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു... ഞാൻ ഗസ്സയുടെ മതിലിനകത്ത് ഒരു തീ അയക്കും; അത് അതിന്റെ അരമനകളെ ദഹിപ്പിച്ചുകളയും എന്ന് പ്രവചിച്ചു (ആമോ. 1:7). അന്ന് ആമോസ് ഇങ്ങനെ പ്രവചിക്കുമ്പോൾ ഗസ്സയിൽ മതിലില്ലായിരുന്നു. ഇന്ന് ഗസ്സയിൽനിന്നും വെസ്റ്റ് ബാങ്കിലേക്കുള്ള സുഗമമായ യാത്രക്കായി വന്മതിൽ കെട്ടിയിട്ടുണ്ട്.

സെഖര്യാപ്രവാചകൻ യെരുശലേമിനെക്കുറിച്ച് പ്രവചിച്ച നാല് പ്രവചനങ്ങളിൽ മൂന്നെണ്ണം ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. നാലാമത്തെ പ്രവചനവും അധികം താമസിയാതെ സംഭവിക്കും. അതായത് ഭൂമിയിലെ സകല ജാതികളും യെരുശലേമിനു എതിരായി ഒരു യുദ്ധത്തിന് കൂടിവരും (സെഖ.12:3).

2010 സെപ്റ്റംബറിൽ അമേരിക്കയുടെ വിദേശകാര്യസെക്രട്ടറി ഹിലാരി ക്ലിന്റൺ യിസ്രായേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവിനെയും പാലസ്തീൻ പ്രസിഡന്റ് മുഹമ്മദ് അബ്രാസിനെയും വാഷിംഗ്ടണിൽ ക്ഷണിച്ചു വരുത്തി ചർച്ചകൾ നടത്തി. ബഞ്ചമിൻ നെതന്യാഹു തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇപ്രകാരമായിരുന്നു. നമ്മുടെ പിതാവായ അബ്രഹാമിന്റെ ശവസംസ്കാരം യിസഹാക്കും യിസ്മായേലും ചേർന്നു നടത്തിയതുപോലെ അബ്രഹാമിന്റെ മക്കളായ നാം ഇരുകൂട്ടരും ചേർന്ന് നമ്മുടെ പ്രശ്നം പരിഹരിക്കണം. പ്രസംഗം നന്നായിരുന്നു. പക്ഷെ ദിവസം ചെല്ലുന്തോറും പ്രശ്നം സങ്കീർണമാകുകയാണ്. ലോകത്തിനു സമാധാനം കൊടുക്കേണ്ട യെരുശലേം അനവധി യുദ്ധങ്ങൾക്കു കാരണമായിത്തീരുന്നു.

ചരിത്രം ശ്രദ്ധിച്ചാൽ യേശുക്രിസ്തുവിന്റെപുനരാഗമനവും മഹത്വ പ്രത്യക്ഷതയും വളരെ അടുത്തു എന്നു നമുക്ക് മനസ്സിലാക്കാം. **അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ മനുഷ്യപുത്രൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ** എന്ന്

യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (മത്താ. 24:33). കർത്താവിന്റെ വരവിനായി നോഹയുടെ കാലം പോലെയും ലോത്തിന്റെ കാലം പോലെയും ലോകം ഒരുക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ സഭകൾ വിഭാഗ വ്യത്യാസമെന്യേ ലവോദിക്യ സഭയെപ്പോലെ ശീതോഷ്ണാവസ്ഥയിലായിരിക്കുന്നു. ആത്മീയത ആഡംബരമായിത്തീർന്നിരിക്കുന്നു. യേശു സൂചിപ്പിച്ച ധനവാനെപ്പോലെ തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു നാം പറയുന്നു. ദൈവവിഷയമായി സമ്പന്നമാകുന്നതിനെ നാം വിട്ടുകളഞ്ഞു (ലൂക്കൊ. 12:15-21).

ഉയിർത്തെഴുന്നേറ്റവനും സഭയുടെ ഉടമസ്ഥനുമായ കർത്താവ് പറയുന്നു: **ജാഗ്രതയുള്ളവനായിരിക്ക,** (Be earnest = Be serious & sincere) **മാനസാന്തരപ്പെടുക**. നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലുമുള്ള ഗൗരവബോധവും ആത്മാർത്ഥതയും ആത്മശോധന ചെയ്യാനും നഷ്ടപ്പെട്ട വിശ്വാസവും വിശുദ്ധിയും ദർശനവും മാനസാന്തരമെന്ന വില നൽകി വാങ്ങുവാൻ യേശുക്രിസ്തു ബുദ്ധി ഉപദേശിക്കുന്നു.

കൃപയുടെ വാതിൽ അടയുന്നതിനുമുൻപേ യേശു നമ്മുടെ ഉള്ളിൽ ഇല്ല എന്നറിഞ്ഞുകൊണ്ട് അവനെ വാതിൽ തുറന്ന് അകത്തേക്കു സ്വീകരിക്കാമോ? യേശു പാപിയുടെ വാതിൽക്കൽ അല്ല സഭയുടെ വാതിൽക്കലാണ് മുട്ടുന്നത്.

കർത്താവിന്റെ വരവ് താമസിക്കുമെങ്കിൽ, **2013 ഒരു യഥാർത്ഥ മാനസാന്തരത്തിന്റെ വർഷമായി തീരട്ടെ.** നാളെ നമുക്കുള്ളതല്ല. അതുകൊണ്ട് ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട് (യോവേൽ 2:12). ഇന്നത്തെ ഉപവാസങ്ങളിൽ കരച്ചിലും വിലാപവും ഉണ്ടോ?

നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും, വിശ്വസിച്ചാലും ഇല്ലെങ്കിലും യേശു വീണ്ടും വരും. അതിനു നമ്മുടെ അംഗീകാരമോ അനുവാദമോ ആവശ്യമില്ല. കർത്താവിൽ സന്തോഷിച്ച് അവിടുത്തെ സ്നേഹിച്ച് അവന്റെ കൽപ്പനകൾ അനുസരിച്ചു ജീവിക്കുന്നവർ അവനോടൊപ്പം യുഗായുഗമായി വാഴും. അതിനായി നമുക്കു ഒരുങ്ങാം.

# Online Nostalgia

**Er. Thambu Z.K.**

Another blessed year passed by and God kept all of us sound and safe, and we could feel the joyful season coming by. Many far across made preparation to come by and enjoy the moments. Again some couldn't make it.

But this time of the year it was a bit different. **2012 Noel Fiesta**, emailed a form to sign in for online fancy sale participation. Wow I got excited, I told my kids what this means and they got excited too. The much awaited day came and we had people online with their family and kids waiting along with people in TJM hall for our chief guest Sri A. Charles, former M.P to come. My daughter asked "What is this Daddy!"…I was so happy that I could pass on some part of my childhood to her. Charles sir gave a wonderful opening message on what Harvest festival meant in his days, again the wonderful thoughts getting passed across generations.

At last the much awaited time came, officially lelam 2012 is getting started! All this was possible because of the online option.

**I believe and hope the days are not far before we can worship together on Sundays whereever we are.**

ആൽബർട്ട് ലിവിങ്സ്റ്റൺ

# 'ദേവാത്രിയേക യഹോവാ'

**(ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ 77)**

**റവ. വൈ. സാനന്ദം 1862–1934**

**(റവ. യോവാൻ സാനന്ദം)**

പരിശുദ്ധാത്മാവ് 'Holy Sprit' എന്ന തലക്കെട്ടിൽ ചേർത്തിട്ടുള്ള ഈ ഗാനം പരിശുദ്ധാത്മദാനത്തിനായുള്ള ഒരു യാചനയാണ്. വാഗ്ദത്തപ്രകാരം പെന്തെക്കോസ്താതമാവിനെ തരേണമേ എന്ന് യേശുവിൻ നാമത്തിൽ ത്രിയേക ദൈവത്തോടുള്ള പ്രാർത്ഥന. 'ആശിഷ മാരിയുണ്ടാകും' 'showers of blessing' എന്ന ഗാനത്തിന്റെ രാഗമാണിതിനു നൽകിയിരിക്കുന്നത്.

ദക്ഷിണ തിരുവിതാംകൂറിലെ (ഇന്നത്തെ കന്യാകുമാരി-ദക്ഷിണ കേരള) മിഷൻ പ്രവർത്തനം നടത്തിയ ലണ്ടൻ മിഷൻ 1800 കളിൽ ധാരാളം പേരെ ക്രിസ്തീയ വിശ്വാസത്തിലേക്കു നയിച്ച് സഭകൾ സ്ഥാപിച്ചു. ആ സ്ഥലങ്ങളിലെല്ലാം ആത്മാർത്ഥതയും വിശ്വസ്തതയും ഉള്ളവരെ വൈദിക പരിശീലനം നല്കി സഭകളിൽ ശുശ്രൂഷകരാക്കി.

നെയ്യാറ്റിൻകരയിൽ തിരുപുറം ഗ്രാമക്കോണം പൊറുതി ഉടയാൻ മൂപ്പർ ആദ്യ ക്രിസ്ത്യാനികളിലൊരാളായിരുന്നു. ഇദ്ദേഹത്തിന്റെ ചെറുമകനായി 'യോവാൻ' John 1862- ൽ ജനിച്ചു. ഇദ്ദേഹം അന്നത്തെ മിഷണറിയായിരുന്ന ജോൺ കോക്സിന്റെ വലം കയ്യായി പ്രവർത്തിച്ചിരുന്നു. 'സാനന്ദം' എന്ന വാത്സല്യ നാമം നൽകി വൈദികപഠനത്തിനയച്ചു. മിഷണറിയുടെ റൈറ്റർ writer ആയിരുന്ന ജോഷ്വാ റൈറ്ററുടെ സഹോദരീപുത്രനുമായിരുന്നു സാനന്ദം. പഠനശേഷം സഭാശുശ്രൂഷക നായി നിയമിതനായ സാനന്ദം വിവിധ സഭകളിൽ പ്രവർത്തിച്ചു. സിറ്റടം, വക്കം മിഷൻ കേന്ദ്രം എന്നിവിടങ്ങളിൽ പ്രവർത്തിച്ചശേഷം 1896-ൽ വെങ്ങാനൂർ (ഉച്ചക്കട) വന്നു അവിടെ പ്രവർത്തനം തുടർന്നു. പള്ളിയും പള്ളിക്കൂടവും പണിതപ്പോൾ അദ്ദേഹം 1906-ൽ അവിടെ പട്ടക്കാരനായി ശുശ്രൂഷ ചെയ്തു.

1934-ൽ തന്റെ72-ാം വയസ്സിൽ പ്രവർത്തനനിരതനായിരുന്ന ആ ഭക്തൻ ഈ ലോകത്തിലെ ശുശ്രൂഷകൾക്ക് ഒടുവിൽ 'യേശുവേ ഞാൻ വരുന്നു' എന്നുച്ചരിച്ചു കൊണ്ട് കർത്തൃസന്നിധിയിലേക്കു കടന്നു പോയി. അദ്ദേഹം ഗാനങ്ങൾ കൂടാതെ ചില ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കൾ ക്രിസ്പോസ് സാനന്ദം, ജെ.എം. സാനന്ദം എന്നിവരും സഭയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. മി.ജെ.എം. സാനന്ദം എൽ.എം.എസ്. സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായി ദക്ഷിണ മഹായിടവകയിൽ സേവനം അനുഷ്ഠിച്ചു.

ദേവാ! ത്രിയേക യഹോവാ!
താ നിന്നാത്മനെ ദേവാ!
താ യേശുവിൻ നാമത്തിൽ താ
എന്നത്മം ജീവിച്ചീടാൻ
    താ താ പരാ! നീ!
    നിന്നാത്മാവിനെ ഇപ്പോൾ
    വാഗ്ദത്തം ചെയ്തപോലിന്നു
    പെന്തെക്കോസ്താത്മനെ!

പരിശുദ്ധാത്മദാനത്തിനായുള്ള ഈ പ്രാർത്ഥനാഗീതം ഇന്ന് പ്രാർത്ഥനായോഗങ്ങളിലും ആരാധനകളിലും ധാരാളമായി ഉപയോഗിക്കപ്പെടുന്നു. രചയിതാവിന്റെ ഗാനവരികളിൽ ആഗ്രഹിക്കുന്നതു പോലെ ജനം പാപത്തിനു മരിച്ചു ക്രിസ്തുവിൽ ജീവിപ്പാനും ക്രിസ്തുവിൻ സ്നേഹത്തിൽ നടപ്പാനും ദൈവാത്മാവിന്റെ പ്രവർത്തനത്തിനായി നമുക്ക് യാചിക്കാം.

*"യഹോവേ, ആണ്ടുകൾ കഴിയും മുമ്പെ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമെ" (ഹബ. 3:2)*

# NOEL FIESTA 2012
# – ONLINE ‘LELAM’

**Technology:**

It was a great experience to be a part of this successful event...Online Bidding...Thank you Lord, for this wonderful technology...This idea came up through Er.Thambu Z.K. last year. Er.Dany Wilfred agreed ‘First bid through online.’ Formed a sub-committee 'Noel Fiesta - online bidding' under the convenership of Er.Thambu Z.K. & Er.Salins Kumar...with Er. Archana Jossy, Er.Anoop Mohan, Er.Arun Suja Sasikumar, Er.Dhivya Ben & Ajith Sen. Support from Noel Fiesta Committee Conveners were there throughout.

**Noel Fiesta Day:**

Our first bidder Er.Dany Wilfred (Dubai) was online from 8 am onwards. Er.Thambu Z K (U.S.A), Er. Robson Roy (U.S.A), Er. David Anush (Singapore), Er.Anoop Mohan (Saudi Arabia) and Mrs.Nithya Jamestone (Chennai) came online before 8.30 am…

After first bid, Er. Dany Wilfred gave a short message through video conference. All the online bidders were seen on the screen with help of a projector. It was clear and crisp to everyone in the TJM Hall. Some of our members sitting in the hall were thrilled and excited. After first bid, usual bidding started. After reaching the maximum amount with TJM Hall bidders, online bidders were given chance. The highlight of online bidding was the bidding for a canvas painting of ‘Jesus Christ with a girl child’. Er.Anush David won that bid. It was very interesting to watch online bidding through the screen: Members of our Church from different parts of the world participating in our Annual Harvest Festival!

- Online Bidding Team

**We welcome the Family joined by TC**

| Sl.No. | Family No. | Members | Date of Joining |
|---|---|---|---|
| 1 | 2031 | Mr.Suresh Babu D, Mrs.Manju P. Rajan, Ms.Nissy Ann Babu & Mr.Titto S. Babu | 03-12-2012 |

Don’t be afraid of a presumed enemy;
But trust in the Lord to make a new friend

# “JESUS THE GOD OF REALITY”

## THIS IS THE TIME TO RESOLUTE FOR 2013

***Arul John Ebenezer***

A lazy man went into the forest to explore the life in the forest. When he was passing deep in the forest, heard a strange noise and waited there to find out. An animal appeared, to his surprise that was a fox, which had lost all its legs. The man’s question level raised and he wanted to know, how the fox is surviving without legs? So he waited.

A little while later he heard some movement and as he was gingerly watching, he saw a big tiger coming with (prey/food) in its mouth. On seeing this, the man was afraid and hid himself and carefully watched. It was interesting, the tiger shared the food with the fox and left.

The man wanted to know more, so the next day also he waited. Surprise! The next day also the tiger fed the fox. The man understood that the handicapped fox is being cared by *God*.

So the man decided, and said to himself that like the fox “I will also wait for favour from God”. So he stopped working and started to sleep in his room, waiting favor from the God. The first day passed, second and so on.... nothing happened, weeks rolled, no food. The man was tired and not able to move. Finally he reached the edge of death.

Suddenly he heard a voice at his door. He turned his ears to the noise. The voice said “man, you are in the wrong path. Open your eyes to reality. Imitate the tiger not the fox”.

The man thought deeply and said “yes” and decided to leave the orthodox belief and to select a new path in life. He is no more a lazy dependent.

***Dear in Christ,***

This is the time for us to plan new resolution for 2013 to have a more sanctified Christian Life.

In Psalm 17:3 David prayed and resolved that my mouth will not sin.

In Daniel 1:8 Daniel resolved not to defile himself with the royal food and wine.

Jesus is the real God and the “God of reality”. Lord’s words, deeds and preaching are real, sincere and trustworthy. ***Jesus is our role model*** for the life in this world and also to receive eternal life.

***Let us see the realities Jesus taught to the orthodox people around Him and also expect us to resolve in our life for 2013.***

---

You can’t control the length of your life;
But you can control its depth.

---

### *Reality in Christmas*

As we celebrate Christmas, we proclaim that the birth of Jesus is real. Christmas is the fulfillment of prophesies, also historically proved. The birth was proclaimed by angel Gabriel. St. Mathew claims that the birth of Jesus occurred during the reign of King Herod. The aim of Jesus' birth itself is to wash the human sin by his blood.

### *Reality in Prayer*

In Luke 18:10 Jesus told a parable on prayer, to teach us how our prayers should be.

During Jesus, time, the periods of prayer were scheduled daily in connection with the morning and evening sacrifices. In this parable a Pharisee and a tax collector went to pray. The Pharisee praised himself as a righteous man, a quality Jesus never ever taught in His ministry and not at all expected from any God's children. But the tax collector's humble prayer pleased the God, so Jesus justified and accepted his humble nature and prayer.

***How do we pray? Are we ready to accept the reality on this parable and pray according to the expectations of the Lord Jesus***?

### *Reality in Offerings*

In Mark 12:41 & 42 and Luke 21:1-4 Jesus said "I tell you the truth, this poor widow has put more into the treasury than all the others".

As stated in these words Jesus was witnessing an offertory session. Irrespective of the people offering large amount to the temple treasury, Jesus noted and encouraged the offering of a widow's very few coins, which she had for whole of the life. Jesus argues that the widow has given the most, because the rich people have given only from their surplus, they did not sacrifice anything to the God but the widow has really given 'even all her living'.

*The reality Jesus appreciated is not the quantity but the quality of the offering*. The widow's offering shows her qualities such as, 100% faith in God for her life, unselfish, human, open mind to church, not ashamed to come to God's presence as she was.

***Is it the same way we offer***?

### *Reality in Healing*

St. Luke 14:4-5 "If any one of you had a son or ox that happened to fall in a well on a Sabbath, would you not pull them out at once on the Sabbath itself?" In this context, Jesus was not considering the Law of Sabbath which prevents doing good to men. Throughout the ministry, Jesus approached the sick people and gave a healthy life to the sick people. Are we doing healing ministry?

***What barrier do we have to help the sick people***?

### *Reality in Hospitality*

In Luke 14 :12 -14 ; ' Then Jesus said to his host, "When you give a luncheon or dinner, do not invite

your friends, your brother or relatives, or your rich neighbours; if you do, they may invite you back and so you will be repaid. But when you give a banquet, invite the poor, the crippled, the lame, the blind because they are not able to pay you back. In these words Jesus tells us not to respect only the rich but also to respect the people who are less privileged, which is again a reality the world expects from a Christian.

***How our hospitality works***?

***Reality of being Sincere***

In Mathew, Chapter 6:1 to 18 Jesus says how we have to be sincere in giving to the needy, prayer and fasting.

***Are we sincere in our deeds?***

Jesus' life, teaching, preaching and healing are 100% true. We, the sons and daughters of Jesus should follow these realities in our personal life. Seeking the Grace of God, Can we accept the realities of Christmas, prayer, offering, healing ministry and a sincere life?

May our dear Lord strengthen us to resolve to do these in 2013 and be witness for CHRIST.

*Happy New Year*

*God Bless you*

# Youth Retreat - 2012

**Ceragil Austin Prince**

33 members participated in the Youth Retreat held at Thekkady and Wagamon on 26th and 27th October 2012. Britto George was the convener. We left our church campus on 25th October at 11 pm under the leadership of Rev. C.R. Vincent and reached Vandiperiyar by next day morning. After worship at Vandiperiyar C.S.I. Church, We proceeded to Thekkady for sight seeing and boating through wildlife sanctuary. This was a memorable experience. We enjoyed the beauty of God's creation and praised God profusely.

By evening we left for Wagamon and a camp fire was arranged. Then followed a dedication service which was attended by all with rapt attention. In the nextday morning Mrs. Flora Rachel Sumam gave the message. Then we visited Pine forest, Wagamon Meadows and suicide point and reached back Trivandrum by midnight. By God's Grace, the youth retreat this year was devotional, interesting and entertaining to all participants.

# ധന്യസ്മൃതി

മനുഷ്യാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട് അടിമകളായി കഴിഞ്ഞിരുന്ന ഒരു ജനതയ്ക്ക് ആത്മീയവും സാമൂഹികവുമായ വിമോചനം നേടിക്കൊടുക്കാൻ വിദേശമിഷണറിമാർ അനുഭവിച്ച ത്യാഗം വളരെ വലുതായിരുന്നു. അവർക്ക് സഹിക്കാൻ കഴിയാത്തതായിരുന്നു ഇവിടത്തെ കാലാവസ്ഥ. ഈ നാട്ടിലെ ഭക്ഷണരീതി അവർക്കന്യമായിരുന്നു. അന്നത്തെ സവർണ്ണർ ഈ മിഷണറിമാരോടും അയിത്തം കാട്ടിയിരുന്നു. പ്രതികൂല സാഹചര്യങ്ങൾ അവരുടെ ആരോഗ്യം തകർത്തു. അവരിൽ പലരുടെയും ഭാര്യമാർ അകാലചരമമടഞ്ഞു. അവരുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ ബാല്യം കടക്കുന്നതിനുമുമ്പ് പൊലിഞ്ഞു പോയി. അവർ ഈ യാതനകൾ സ്വയം ഏറ്റെടുക്കാത്തതു കൊണ്ടാണ് നാമിന്നു മനുഷ്യരായി ജിവിക്കുന്നത്.



റവ. വേദ മാണിക്യം



റിങ്കൽ റ്റൗബെ



റവ. ചാൾസ് മീഡ്



ചാൾസ് മാൾട്ട്



റവ. വൈറ്റ് ഹൗസ്



റവ. ജോൺ കോക്സ്



റവ. ബെയ്‌ലിസ്



റവ. ജയിംസ് ഡതി



റവ. സാമുവൽ മെറ്റീർ



ഡോ. തോംസൺ



റവ. ഹറോൾഡ് ടെമ്പിൾ വിൽസ്



റവ. ജി. ഡബ്ല്യൂ. റസാലം



റവ. ആർതർ പാർക്കർ

# വായിക്കുക, വളരുക

ജോർജ് ബഹനാൻ (കൗൺസെലർ & തെറാപ്പിസ്റ്റ്)

"വായിച്ചാൽ വളരും, വിളയും, വായിച്ചില്ലെങ്കിൽ വളയും" ഇതു പറഞ്ഞത് കുഞ്ഞുണ്ണിമാഷ്. വായന തീർത്തും അന്യം നിന്നിരിക്കുന്നു. വായനാശീലം കുറഞ്ഞ് പഠനത്തിൽ പിന്നോക്കം പോകുന്ന വലിയൊരു ശതമാനം കുട്ടികൾ നമുക്കുണ്ട്. ചെറുപ്പത്തിൽ അവർക്ക് മാതാപിതാക്കൾ കൊടുക്കുന്ന തെറ്റായ പരിശീലനമാണ് ഇതിനു കാരണം. പിഞ്ചു കുഞ്ഞുങ്ങളെ റ്റിവിയുടെ മുമ്പിൽ ഇരുത്തിയിട്ടാണ് പല ഭവനങ്ങളിലും അമ്മമാർ ജോലി ചെയ്യുന്നത്. ഇതാണ് കുട്ടികളുടെ വായനാശീലത്തിന്മേലുള്ള ആദ്യത്തെ പ്രഹരം.

കുട്ടികൾ ആദ്യം കാണേണ്ടത് വായിക്കുന്ന അമ്മമാരെയാണ്. അമ്മമാർ ധാരാളം കഥകൾ മക്കൾക്ക് വായിച്ചു കൊടുക്കണം. അവരത് കേട്ട് വായനയിലേക്ക് തിരിയും. ചെറുപ്പത്തിൽ തന്നെ റ്റിവിയുടെ മുമ്പിൽ കുട്ടികൾ ഇരിക്കുമ്പോൾ അവർക്ക് വായനയിൽ താത്പര്യം കുറയുന്നു.

ശിശുക്കളെ തലോടുകയും വർത്തമാനം പറയുകയും കഥപറയുകയും പാട്ടുപാടി ഉറക്കുകയും ചെയ്യുന്നത് കുട്ടികളുടെ ഭാഷാശേഷി വളർത്തുന്നതിന്റെ ആദ്യഘട്ടമാണ്. കുട്ടികളുമായി നിരന്തരം അച്ഛനമ്മമാർ സംസാരിക്കുന്നത് അവരുടെ ഭാഷാപഠനത്തിൽ വളരെ സഹായിക്കും.

പഠനത്തിൽ മോശമാകുന്ന മിക്ക കുട്ടികളുടെയും പ്രധാന പ്രശ്നം വായനാശീലമില്ലാത്തതാണ്. റ്റിവി കാണുമ്പോൾ ശരീരത്തിനും മനസ്സിനും യാതൊരു ആയാസവുമുണ്ടാകുന്നില്ല. അതുകൊണ്ട് കണ്ണിനും മനസ്സിനും ആയാസം വേണ്ടുന്ന വായനയെക്കാൾ കുട്ടികൾ ഇഷ്ടപ്പെടുന്നത് റ്റിവിയും കമ്പ്യൂട്ടറുമായിരിക്കും.

വളരെ ചെറുപ്പത്തിൽതന്നെ വായനയും വർണ്ണവും വരയും കുട്ടികളുടെ ദിനചര്യയുടെ ഭാഗമാകണം. ഇതിന് മാതാപിതാക്കളുടെ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. ചെറുപ്പത്തിൽ കിട്ടുന്ന വായനാശീലം കുട്ടികളിൽ നിന്നും അപ്രത്യക്ഷമാകില്ല.

വായനാശീലമുള്ള കുട്ടികൾക്ക് അറിവിനേക്കാൾ കൂടുതൽ ക്ഷമയും ഏകാഗ്രതയും ഭാവനയുമുണ്ടാകും. ഒരു നല്ല വിദ്യാർത്ഥിക്ക് ഇവ അത്യന്താപേക്ഷിതമാണ്. അതുപോലെ വായിക്കുന്ന കുട്ടികളുടെ ചിന്താശീലം വർദ്ധിച്ചു കൊണ്ടേയിരിക്കും. വായനാശീലമുള്ള കുട്ടികൾക്ക് ജീവിതത്തിൽ വിരസത ഒരിക്കലുമുണ്ടാകില്ല. അവർ ഒഴിവു സമയങ്ങൾ വായനയ്ക്കുവേണ്ടി ഉപയോഗിക്കും.

അതേ സമയം വായനാശീലമില്ലാത്ത കുട്ടികൾ റ്റിവിയുടെയും, കമ്പ്യൂട്ടർ ഗെയിമുകളുടെയും അടിമകളാകും. ബുദ്ധിപരമായും ഭാവനാപരമായും ഇവ രണ്ടും കുട്ടികളെ സഹായിക്കുന്നില്ല.

വായന ഒരു പൂർണ്ണ മനുഷ്യനെ സൃഷ്ടിക്കുന്നു എന്ന് ഫ്രാൻസിസ് ബേക്കൺ പറയുന്നു. ഒരു വലിയ വ്യക്തിത്വത്തെ സൃഷ്ടിക്കാൻ വായനയ്ക്ക് കഴിയും. ഒരു കുട്ടിയിൽ വായന വേരുറയ്ക്കേണ്ടത് ചെറുപ്പത്തിൽ തന്നെയാണ്. ചെറുപ്പത്തിൽ കിട്ടാത്ത വായനാശീലം സ്ഥിരമായി നിലനിൽക്കില്ല.

വായന സൗഖ്യദായകമാണ്. കുട്ടികളുടെ മാനസികമായ പിരിമുറുക്കം മാറ്റി ഭാവനയുടെ ലോകത്തിലൂടെ അവരെ നയിക്കാൻ വായനയ്ക്ക് കഴിയുന്നു.

റ്റിവിയും കമ്പ്യൂട്ടറും കുട്ടികളിൽ സൃഷ്ടിക്കുന്ന പഠന സ്വഭാവ വൈകൃതങ്ങൾ അനേകം കുട്ടികളെ വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നു.

വായനാശീലമുള്ള കുട്ടികൾക്ക് അറിവിനേക്കാൾ കൂടുതൽ ക്ഷമയും ഏകാഗ്രതയും ഭാവനയുമുണ്ടാകും, ഒരു നല്ല വിദ്യാർത്ഥിക്ക് ഇവ അത്യന്താപേക്ഷിതമാണ്.

ഇംഗ്ലീഷിലും മലയാളത്തിലുമായി ധാരാളം പുസ്തകങ്ങൾ കുട്ടികൾക്കായി വാങ്ങാനുള്ള മനഃസ്ഥിതി മാതാപിതാക്കൾക്ക് ഉണ്ടാകണം. കൊച്ചുകുട്ടികൾ ചിത്രങ്ങൾ കണ്ട്, താളുകൾ മറിച്ചു നോക്കി സാവധാനം വായനയിലേക്ക് പ്രവേശിക്കും. അങ്ങനെ കുട്ടികളെ വായിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമം മാതാപിതാക്കൾക്ക് ഉണ്ടായാൽ കുട്ടികളുടെ വ്യക്തിത്വവികസനത്തെ അത് സഹായിക്കും. റ്റിവിയിലൂടെയും കമ്പ്യൂട്ടറുകളിലൂടെയും കുട്ടികളുടെ വ്യക്തിത്വവും പഠനവും നന്നാകില്ല. അതിന് വായനാശീലം തന്നെയാണ് അനിവാര്യം.

## EVENTS from 22-11-2012 to 30-12-2012

**These children werd added into His Body through Baptism**

| Sl.No. | Family No. | Name | Date of Baptism |
|---|---|---|---|
| 1 | 1685 | Mr.Joshua Edward Sangeeth Rasalam | 23-12-2012 |
| 2 | 1848 | Ms.Riya Remin Alfred | 25-12-2012 |
| 3 | 1895 | Ms.Jemimah Biju | 25-12-2012 |
| 4 | 1898 | Mr.Zephan Vivek Livingstone | 25-12-2012 |
| 5 | 1938 | Ms.Jincy A S | 25-12-2012 |
| 6 | 1634 | Ms.Danah Jain | 30-12-2012 |
| 7 | 1980 | Ms.Ann Maria Saju | 30-12-2012 |

**Those who have crossed Jordan to be with the Lord**

Sl.No. Family No.

1 596 **Mr.Soma Sundaram D.**
Dersan,TC 12/292, PTRA 86,
Thekmoodu Road,
Plamoodu, TVM 4
Died on 06-12-2012



2 1332 **Er. Ramesh Das A.**
Das Asram, KP 17/19,
Kallayam P.O.,TVM 43
Died on 16-12-2012



# Circle Prayers for the Month of January 2013

Greetings to all and wishes of a blessed New year. I do hope and pray this year we will have more prayer gatherings in homes. Though in October and November I have requested for your suggestions regarding arrangements of circle prayers unfortunately no one felt it necessary to do so. This year circle prayers are arranged on ward Circle basis and it comes on rotation. It also helps us to avoid immediate repetition.

Circle/ ward prayers are meant to meet for prayers regularly by members in one area/ward /circle. Somehow the focus has shifted from prayer to eating. It s true in the early church when people gathered together they also shared meal. But that was because they used to meet under the threat of persecution. One can also argue that meeting without eating is cheating. But in today's context there are a lot of opportunities for community eating. So let us give priority for praying. If the time 6.30 p.m. is a hindrance, let us also think of changing the time. However let us hope this year we will have meaningful circle/ward prayers.

**Sahanamachan**

| | | | | |
|---|---|---|---|---|
| 8/1/2013 | Ambalamukku Crcle | 488 | Mr. Hubert Daniel | Ambalamukku |
| Tuesday | Charachira Circle | 1071 | Mrs. Jaya Retnaraj | Charachira |
| | Edapazhinji Circle | 647 | Er. Premdas Justus | P T P Nagar |
| | | | | |
| 11/1/2013 | Kowdiar Circle | 963 | Mrs. Leela Thampi | Jawahar nagar |
| Friday | L M S - Palayam Circle | 78 | Ms. Matty Vilasini White | Nandavanam |
| | Muttada Circle | | Dr. Yageen Thomas | Devaswam Lane |
| | | | | |
| 15/1/2013 | Nanthancode Circle | 71 | Mrs. Joyce Moses | Nanthancode |
| Tuesday | Pattom Circle | 1671 | Adv. Biju Immanuel | Asha Bhavan, Pottakuzhi |
| | Statue Circle | 732 | Mr. David Manickya Raj | Kunnukuzhi |
| | | | | |
| 18-1-2013 | Thycaud Circle | 734 | Mr. Vincent Joffrey | Valiyasala |
| Friday | Ulloor Circle | 1070 | Mr. Jayanth Y. Godwin | Pangodu |
| | Vazhuthacaud Circle | 1709 | Mrs. Grace Ammal | Kunnappuzha |
| | | | | |
| 22-1-2013 | Ambalamukku Crcle | 662 | Mr. J Gerald | Ambala Nagar |
| Tuesday | Charachira Circle | 1154 | Mr. Selvaraj J. | Charachira |
| | Edapazhanji Circle | 1451 | Prof. Prakash Francis | Edappazhanji |
| | | | | |
| 25-1-2013 | Kowdiar Circle | 1062 | Mr. Kripal Das | Kowdiar |
| Friday | L M S - Palayam Circle | 1268 | Mr.A T Rajan | Museum Bains Compound |
| | | | | |
| 29-1-2013 | Muttada Circle | 1705 | Dr. Thompson P T (Pyar) | parottokonam |
| Tuesday | Nanthancode Circle | 762 | Mr. R. Sundaram | Nalanda |
| | Pattom Circle | 1442 | Mr. Sathyaraj | LIC Lane |
| | | | | |
| 1/2/2013 | Statue Circle | 1064 | Er. Jeevan Sathyan | G H Juncton |
| Friday | Thycaud Circle | 1402 | Mr. Sylus Raj | Mukkunnimala |
| | | | | |
| 5/2/2013 | Ulloor Circle | 1402 | Mr. Amarnath I Paul | Chalakkuzhi lane |
| Tuesday | Vazhuthacaud Circle | 342 | Mr. J. Jones | Vazhuthacaud |

# NOEL FIESTA 2012



*In ever loving memory of*



**Sri. N. Yohannan** **Smt. Chellamma Yohannan**

*Called to Eternal Rest on*

August 5, 2006 December 31, 2002

*"Blessed is the man who trusts in the LORD,*
*whose confidence is in Him." Jeremiah 17:7*

By : Children and Grandchildren

# Highlights of Our Activities

